പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 456 27/09/2016 -ൽ മറുപടിയ്ക്ക്

## കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.ടി.ബൽറാം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |

എ) ദേവസ്വം വകുപ്പിന്റെ കീഴിലുള്ള കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

എ) **മലബാർ ദേവസ്വം ബോർഡ്**

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കാസർഗോഡ് | 8 | 43 |
| 2 | വയനാട് | 4 | 3 |
| 3 | കണ്ണൂർ | 33 | 150 |
| 4 | കോഴിക്കോട് | 5 | 110 |
| 5 | പാലക്കാട് | - | 176 |
| 6 | മലപ്പുറം | 13 | 311 |
| 7 | എറണാകുളം | - | 1 |

കൂടൽമാണിക്യം ദേവസ്വം

കൂടൽ മാണിക്യം ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കാവുകളുടെയും കുളങ്ങളുടെയും എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തൃശ്ശൂർ | 3 | 15 |
| 2 | പാലക്കാട് | - | 1 |
| 3 | മലപ്പുറം | - | 1 |
| 4 | എറണാകുളം | - | - |

ഗുരുവായൂർ ദേവസ്വം

| ക്രമ നം. | ജില്ല | കാവുകളുടെ എണ്ണം | കുളങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തൃശ്ശൂർ | 1 | 11 |
| 2 | പാലക്കാട് | - | 1 |
| 3 | മലപ്പുറം | - | 1 |

കൊച്ചിൻ, തിരുവിതാംകൂർ ദേവസ്വങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ബി)** ഇത്തരം കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ബി)** നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന കുളം, കാവ്, ആൽത്തറ എന്നിവയുടെ നവീകരണത്തിനായി, സർക്കാർ, ബജറ്റിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. ബോർഡുകളുടെ നിയന്ത്രണത്തിൽ അല്ലാത്ത സ്വകാര്യ ക്ഷേത്രങ്ങളുടെ കാര്യത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം തുക വിതരണം ചെയ്യുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ